(ബി) എങ്കിൽ ഇതിൻമേൽ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

(സി) ഉത്തരക്കടലാസുകൾ അതോറിറ്റി ആഫീസിൽ എത്ര വർഷം വരെ സൂക്ഷിക്കണമെന്നാണ് വ്യവസ്ഥ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി : (ശ്രീ. കെ. എം. മാണി)

(എ) ശരിയല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉത്തരക്കടലാസുകൾ ഇത്രകാലം സൂക്ഷിക്കണമെന്നുള്ള യാതൊരു വ്യവസ്ഥയും നിലവിലില്ല.

ഹിൽഹൈവെ പദ്ധതി

* 31 .[31] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽഹൈവേ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് അവസാനമായി ഗവൺമെൻറ് കൈക്കൊണ്ട തീരുമാനം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതി ഉപേക്ഷിച്ചോ ;

(സി) ഉപേക്ഷിച്ചെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

(ഉപമുഖ്യമന്ത്രി) : ശ്രീ. കെ. അവുക്കാദർകുട്ടി നഹ

(എ), (ബി) വിശദമായ പരിശോധനയിൽ ഹിൽഹൈവേ പദ്ധതി അപ്രായോഗികമാണെന്നും അതുകൊണ്ട് മേൽ നടപടി ആവശ്യമില്ലെന്നുമാണ് സർക്കാർ എടുത്തിട്ടുള്ള തീരുമാനം.

(സി) ഈ പദ്ധതിക്ക് ഉണ്ടാകാവുന്ന വൻപിച്ച സാമ്പത്തിക ബാദ്ധ്യത, ഇത് പരിസ്ഥിതിയിൽ ഉണ്ടാക്കാവുന്ന ദോഷഫലങ്ങൾ, പുറമെ നിന്ന് സാമ്പത്തികസഹായം കിട്ടാനുള്ള സാദ്ധ്യതക്കുറവ്, വനസംരക്ഷണ നിയമപ്രകാരം കേന്ദ്രഗവൺമെൻറിൽ നിന്നും അനുവാദം കിട്ടുന്നതിനുള്ള പ്രയാസം എന്നിവയാണ് ഈ പദ്ധതി ഉപേക്ഷിക്കാനുണ്ടായ പ്രധാന കാരണങ്ങൾ.

സംസ്കൃത സർവ്വകലാശാല

* 32 [32] ശ്രീ. ലോനപ്പൻ നമ്പാടൻ :

,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്ഥാപിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ച സംസ്കൃത സർവ്വകലാശാല സ്ഥാപിക്കുന്ന നടപടി എന്തായി ;

(ബി) സ്പെഷ്യൽ ഓഫീസറായി ഗവൺമെൻറ് നിശ്ചയിച്ച ഡോക്ടർ പി. കെ. നാരായണപിള്ളയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചുവോ ; എങ്കിൽ എന്ന് ;

(സി) ഈ റിപ്പോർട്ട് സർക്കാർ പരിഗണിച്ചുവോ ;

(ഡി) ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly